ഡോ. കെ.മുഹമ്മദ് പാണ്ടിക്കാട്

# ഞാനറിയുന്നത് നിങ്ങളറിഞ്ഞിരുന്നുവെങ്കിൽ...

عن أنس رضي الله عنه قال: خَطَبَ رَسولُ اللَّهِ صَلَّى اللهُ عليه وسلَّمَ خُطْبَةً ما سَمِعْتُ مِثْلَهَا قَطُّ؛ قالَ: لو تَعْلَمُونَ ما أعْلَمُ لَضَحِكْتُمْ قَلِيلًا، ولَبَكَيْتُمْ كَثِيرًا، قالَ: فَغَطَّى أصْحَابُ رَسولِ اللَّهِ صَلَّى اللهُ عليه وسلَّمَ وُجُوهَهُمْ، لهمْ خَنِينٌ (متفق عليه)

**അനസി(റ)ൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) ഒരു പ്രസംഗം നടത്തി. മുമ്പൊരിക്കലും അങ്ങനെയൊരു പ്രസംഗം ഞാൻ കേട്ടിട്ടില്ല. അതിൽ ഇപ്രകാരം ഉണർത്തി: 'ഞാനറിയുന്നത് നിങ്ങളറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ കുറച്ച് മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു.' അനസ് (റ) തുടർന്നു: 'അതോടെ അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബാക്കളെല്ലാം തേങ്ങിക്കരഞ്ഞ് മുഖം പൊത്തി' (ബുഖാരി, മുസ്‌ലിം).**

മനുഷ്യരുടെ ഭാവി ജീവിതത്തിൽ അവരെ കാത്തിരിക്കുന്ന വിവിധ ഘട്ടങ്ങൾ അത്യധികം ഭയാനകമാണെന്നും അവ അറിഞ്ഞിരുന്നെങ്കിൽ അവർ കുറച്ച് മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു എന്നുമാണ് നബി (സ) നൽകുന്ന മുന്നറിയിപ്പ്.

മറ്റൊരിക്കൽ റസൂൽ (സ) ഇക്കാര്യം കുറേക്കൂടി വ്യക്തമാക്കുന്നുണ്ട്. അബൂദർറുൽ ഗിഫാരി(റ)യിൽ നിന്ന്: നബി (സ) പറഞ്ഞു: ''നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നു. കേൾക്കാത്ത പലതും ഞാൻ കേൾക്കുന്നു. ആകാശം ശബ്ദിക്കുന്നു. അതിനത് അർഹമായിരിക്കുന്നു. അവിടെ നാല് വിരലിനുള്ള സ്ഥലമുണ്ടെങ്കിൽ അവിടെ ഒരു മലക്ക് തന്റെ നെറ്റിത്തടം അല്ലാഹുവിന് സുജൂദ് ചെയ്യുന്നു. അല്ലാഹുവാണ, ഞാൻ അറിയുന്നവ നിങ്ങളറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ കുറച്ച് മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു. വിരിപ്പുകളിൽ സ്ത്രീകളോടൊപ്പം നിങ്ങൾ സല്ലപിക്കുമായിരുന്നില്ല. നിങ്ങൾ മരുഭൂമിയിലേക്ക് പുറപ്പെടുകയും അല്ലാഹുവിനോട് കേണപേക്ഷിക്കുകയും ചെയ്യുമായിരുന്നു. ഞാനൊരു പിഴുതെടുത്ത മരമായിരുന്നെങ്കിൽ എന്ന് കൊതിച്ച് പോവുന്നു'' (തിർമിദി).

ഈ ഹദീസിന്റെ വിശദീകരണത്തിൽ ഇബ്നു ഹജറുൽ അസ്ഖലാനി (റ) എഴുതി: ''അറിയുക എന്നത് കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ ഗാംഭീര്യം, ധിക്കാരികളോട് അവൻ പ്രതികാരം ചെയ്യുന്നത് ഇതൊക്കെ അറിയുക എന്നാണ്. അത് പോലെ ആത്മാവിനെ വലിച്ചെടുക്കുമ്പോഴുണ്ടാവുന്ന ഭയാനകത, മരണം, ഖബ്ർ, പുനരുത്ഥാന ദിനം തുടങ്ങിയവയെക്കുറിച്ച അറിവുകളും'' (ഫത്ഹുൽ ബാരി).

ഇമാം ഖുർത്വുബി എഴുതി: ''ഞാനറിയുന്നവ നിങ്ങളറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ കുറച്ച് മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു' എന്നതിന്റെ ഉദ്ദേശ്യം പാരത്രിക ലോകത്തെ കാര്യങ്ങളും അവിടത്തെ ഭയാനകതകളുമാണ്. നരകത്തിൽ സജ്ജീകരിച്ചിട്ടുള്ള ശിക്ഷാ മുറകളാണ്. സ്വർഗത്തിലൊരുക്കിയിട്ടുള്ള അനുഗൃഹീത പ്രതിഫലങ്ങളാണ്. അല്ലാഹുവിന്റെ റസൂൽ ഇതെല്ലാം നേരത്തെ നേർക്ക് നേരെ കണ്ടതാണ്. അതിനാൽ നബി (സ) അധികം ദുഃഖിച്ചു; കുറച്ച് മാത്രം ചിരിച്ചു.''

ഇതേ ഹദീസിനെ വിശദീകരിച്ച് അല്ലാമാ ശൈഖുൽ അസീമൈനി (റ) പറഞ്ഞു: ''അല്ലാഹു നിങ്ങളോടുള്ള കാരുണ്യത്താൽ മറച്ച് വെച്ച പല കാര്യങ്ങളും നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ എന്നാണുദ്ദേശ്യം. പ്രവാചകനവയെല്ലാം അറിയാം. പക്ഷേ, ജനങ്ങളെ അറിയിക്കാൻ കൽപ്പിക്കപ്പെട്ടിട്ടില്ല.''

അല്ലാഹുവിനെ ഓർത്ത് കരയുന്നവരെ വിശുദ്ധ ഖുർആനും പ്രകീർത്തിക്കുന്നുണ്ട്. വേദക്കാരിലെ വിശ്വാസികളെകുറിച്ച് അല്ലാഹു പറഞ്ഞു: ''അവർ കരഞ്ഞുകൊണ്ട് മുഖം കുത്തിവീഴുന്നു. അതവരുടെ ഭയഭക്തി വർധിപ്പിക്കുന്നു'' (17:109).

വിശ്വാസികളോട് അല്ലാഹു ഇപ്രകാരം ചോദിക്കുന്നു: ''എന്നിട്ടും ഈ വചനത്തെ സംബന്ധിച്ച് നിങ്ങൾ വിസ്മയം കൂറുകയാണോ? നിങ്ങൾ കരയാതെ ചിരിക്കുകയോ?'' (53: 59,60).

അല്ലാഹുവിനെയും പരലോകത്തെയും സ്മരിച്ച് കരയുന്നവർ നരകത്തിൽ പ്രവേശിക്കുകയില്ലെന്ന് നബി (സ) പറഞ്ഞിട്ടുണ്ട്: ''അല്ലാഹുവിനെ ഭയന്ന് കരയുന്നവൻ കറന്നെടുത്ത പാൽ അകിടിലേക്ക് തിരിച്ചൊഴുകുന്നത് വരെ നരകത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിന്റെ മാർഗത്തിലുള്ള പൊടിയും നരകപ്പുകയും ഒരുമിക്കുകയുമില്ല'' (തിർമിദി).

ഒഴിഞ്ഞിരുന്ന് അല്ലാഹുവിനെയോർത്ത് കണ്ണീരൊഴുക്കിയവന് മഹ്ശറാ സഭയിൽ അവന്റെ സിംഹാസനത്തിന്റെ തണലുണ്ടാവുമെന്ന് റസൂൽ (സ) വാഗ്ദാനം നൽകി (ബുഖാരി, മുസ്‌ലിം). അത്തരം കണ്ണുകളെ നരകം സ്പർശിക്കുകയില്ലെന്നും ഹദീസിൽ കാണാം.

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) പറയുന്നു: ''അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'ര

ണ്ട് കണ്ണുകളെ നരകം സ്പർശിക്കുകയില്ല. അല്ലാഹുവിനെ ഓർത്ത് കരഞ്ഞ കണ്ണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കാവലിരുന്ന കണ്ണ്'' (തിർമിദി).

തീരെ ദുഃഖവും ഭയവുമില്ലാത്ത ഹൃദയത്തിൽ നിന്നും അഭയം തേടി നബി (സ) ഇപ്രകാരം പ്രാർഥിച്ചിരുന്നു: ''അല്ലാഹുവേ, ഉപകാരമില്ലാത്ത അറിവിൽ നിന്നും, ഭയമില്ലാത്ത ഹൃദയത്തിൽ നിന്നും, സംതൃപ്തിയില്ലാത്ത മനസ്സിൽ നിന്നും, ഉത്തരമില്ലാത്ത പ്രാർഥനയിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു'' (മുസ്‌ലിം).

മറ്റൊരിക്കൽ റസൂൽ (സ) പറഞ്ഞു: ''രണ്ട് തുള്ളികളും രണ്ട് പാടുകളും അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളതാണ്. തുള്ളികൾ ഇവയാണ്: അല്ലാഹുവിനെ ഭയന്ന് ഒഴുകിയ കണ്ണുനീർ തുള്ളി. അല്ലാഹുവിന്റെ മാർഗത്തിൽ ഒഴുക്കിയ രക്തത്തുള്ളി. പാടുകൾ ഇവയാണ്: അല്ലാഹുവിന്റെ മാർഗത്തിൽ പോരാടിയതിന്റെ പാടുകൾ. അല്ലാഹുവിനോടുള്ള ബാധ്യതകൾ നിർവഹിച്ചതിന്റെ പാടുകൾ'' (തിർമിദി).

റസൂൽ പലപ്പോഴും ഒളിഞ്ഞും തെളിഞ്ഞും അല്ലാഹുവിനെയും പരലോകത്തെയും ഓർത്ത് കണ്ണുനീരൊഴുക്കാറുണ്ടായിരുന്നു.

ഇബ്നു മസ്ഊദ് (റ) പറയുന്നു: ''നബി (സ) ഒരിക്കൽ എന്നോട് ഖുർആൻ പാരായണം ചെയ്ത് കൊടുക്കാൻ ആവശ്യപ്പെട്ടു. ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞാൻ താങ്കൾക്ക് ഓതിത്തരികയോ? താങ്കൾക്കല്ലേ ഖുർആൻ അവതരിപ്പിക്കപ്പെട്ടത്?

അവിടുന്ന് പറഞ്ഞു: ''ഞാനല്ലാത്തവരിൽ നിന്ന് ഖുർആൻ കേൾക്കുന്നത് എനിക്ക് വളരെ ഇഷ്ടമാണ്.'' അങ്ങനെ ഞാൻ അധ്യായം അന്നിസാഅ് ഓതിക്കൊടുത്തു.

فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدًا

(ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരും. ഇക്കൂട്ടർക്കെതിരെ സാക്ഷിയായി നിന്നെയും കൊണ്ടുവരും. എന്തായിരിക്കും അപ്പോഴത്തെ അവസ്ഥ! -4:41) എന്ന വാക്യത്തിനടുത്തെത്തിയപ്പോൾ റസൂൽ പറഞ്ഞു: 'ഇപ്പോളിത്ര മതി.'

ഞാൻ പ്രവാചകനെ തിരിഞ്ഞ് നോക്കി. അപ്പോൾ തിരുദൂതരുടെ രണ്ട് കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു'' (ബുഖാരി, മുസ്‌ലിം).

നബി(സ)യുടെ അനുയായികൾ മരണം, ഖബ്ർ, മഹ്ശറ തുടങ്ങിയവയെ വളരെയധികം ഭയപ്പെട്ടിരുന്നു. ഉസ്മാൻ (റ) ഖബ്റിനരികിൽ നിൽക്കുമ്പോൾ തന്റെ താടിരോമങ്ങൾ നനയുന്നത് വരെ അദ്ദേഹം കരയാറുണ്ടായിരുന്നു. ആരോ ചോദിച്ചു: സ്വർഗ-നരകങ്ങളെ അനുസ്മരിക്കുമ്പോൾ താങ്കൾ കരയാറില്ല. ഖബ്ർ കാണുമ്പോൾ എന്ത് കൊണ്ടാണ് ഇപ്രകാരം കരയുന്നത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ (സ) ഇപ്രകാരം പറഞ്ഞിട്ടുണ്ട്: 'തീർച്ചയായും ഖബ്ർ, പരലോക ഭവനങ്ങളിലെ ആദ്യ ഭവനമാണ്. അവിടെ നിന്നും രക്ഷപ്പെട്ടാൽ പിന്നീടുള്ളതെല്ലാം എളുപ്പമാണ്. അവിടെ രക്ഷ കിട്ടിയില്ലെങ്കിൽ പിന്നീടുള്ളതെല്ലാം അതിനേക്കാൾ കാഠിന്യമുള്ളതായിരിക്കും. ഖബ്റിനേക്കാൾ ഭയാനകമായ കാഴ്ച്ച മറ്റൊന്നും ഞാൻ കണ്ടിട്ടില്ല' (അഹ്മദ്, തിർമിദി).

അബൂഹുറയ്റ (റ) രോഗിയായിരിക്കെ അദ്ദേഹം കരയുന്നത് കണ്ടപ്പോൾ എന്തിനാണ് കരയുന്നതെന്ന് ആരോ ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: ''നമ്മുടെ ഈ ഭൗതിക ലോകത്തെ ഓർത്തല്ല ഞാൻ കരയുന്നത്. യാത്രയുടെ ദൈർഘ്യവും പാഥേയത്തിന്റെ പരിമിതിയുമാണ് എന്നെ കരയിപ്പിച്ചത്. നരകത്തിലേക്കോ സ്വർഗത്തിലേക്കോ വീഴ്ത്തുന്ന വഴിവക്കിലാണ് ഞാനുള്ളത്. എവിടേക്കാണ് പ്രവേശിപ്പിക്കപ്പെടുക എന്നെനിക്കറിയില്ല'' (ത്വബഖാതുബ്നു സഅ്ദ്).

ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ബർസഖീ ജീവിതവും മഹ്ശറാ സഭയും വിചാരണയും ഇടക്കിടെ ഓർത്ത് കൂടുതൽ അല്ലാഹുവിലേക്ക് അടുക്കാനുള്ള പ്രചോദനമാണ് ഈ ഹദീസ് വിശ്വാസികൾക്ക് നൽകുന്നത്. ●